# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| | |
|---|---|
| ജൂലൈ 18<br>July 18 | 2019 |

*1193 കർക്കടകം 2 വ്യാഴം*

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

### തൊഴിലധിഷ്ഠിത ട്രെയിനിംഗ് പ്രോഗ്രാം

ഐ.ടി മേഖലയിലെ അവസരങ്ങൾക്ക് യുവതലമുറയെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ഹ്രസ്വകാല തൊഴിലധിഷ്ടിത ഐ.ടി. ഇന്റേൺഷിപ്പ് ഇൻ ലിനക്സ്, അപ്പാഷെ, തുടങ്ങിയ ട്രെയിനിംഗ് പ്രോഗ്രാമുകളിലേക്ക് കെൽട്രോണിന്റെ എറണാകുളത്തുള്ള നോളഡ്ജ് സെന്ററിൽ അവസരം ഒരുക്കുന്നു. ബി.ടെക്/ബി.ഇ പൂർത്തിയായവർക്കും ഫലം പ്രതീക്ഷിക്കുന്നവർക്കും അപേക്ഷിക്കാം. ഫോൺ : 9207811878.

(പിഎൻപി 1802/19)

### പെൻഷൻ അദാലത്ത്

ഡിഫൻസ് പെൻഷൻ ഡിസ്ബേഴ്സിംഗ് ഓഫീസിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 31ന് ഡിപിഡി ഓഫീസിൽ മിനി പെൻഷൻ അദാലത്ത് നടത്തും. (പിഎൻപി 1803/19)

### മേട്രൺ കം റസിഡന്റ് ട്യൂട്ടർ

ജില്ലയിൽ പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർഥികളുടെ രാത്രികാല പഠന മേൽനോട്ട ചുമതകൾക്കായി മേട്രൺ കം റസിഡന്റ് ട്യൂട്ടർമാരെ നിയമിക്കുന്നു. ബിരുദവും ബി.എഡും ഉള്ളവർക്ക് അപേക്ഷിക്കാം. ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിലാണ് നിയമനം. പ്രതിമാസം 12000 രൂപ ഹോണറേറിയം ലഭിക്കും. താത്പര്യമുള്ളവർ ഈ മാസം 29ന് രാവിലെ 11ന് പത്തനംതിട്ട മിനി

സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാ പട്ടികജാതി വികസന ഓഫീസിൽ കൂടിക്കാഴ്ചയ്ക്ക് അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകണം. ഫോൺ: 0468 2322712.

(പിഎൻപി 1804/19)

## പരാതിപരിഹാര അദാലത്ത്

കോഴഞ്ചേരി താലൂക്കുതല പരാതിപരിഹാര അദാലത്ത് ഈ മാസം 23ന് രാവിലെ 9.30 മുതൽ പത്തനംതിട്ട ടൗൺഹാളിൽ നടക്കും. അദാലത്തിൽ ജില്ലാ കളക്ടർക്ക് നേരിട്ട് അപേക്ഷ നൽകാം. സിഎംഡിആർഎഫ്, റീസർവെ അപാകത, റേഷൻ കാർഡ്, സ്റ്റാറ്റ്യൂട്ടറിയായി ലഭിക്കേണ്ട പരിഹാരം എന്നിവയൊഴിച്ചുള്ള പരാതികൾ അദാലത്തിൽ പരിഗണിക്കും. കോഴഞ്ചേരി താലൂക്കിന്റെ പരിധിയിലുള്ള എല്ലാ താലൂക്കുതല ആഫീസ് മേധാവികളും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരും അദാലത്തിൽ ഹാജരാകണമെന്ന് തഹസീൽദാർ അറിയിച്ചു.

(പിഎൻപി 1805/19)

### പ്രത്യേക പത്രക്കുറിപ്പ്

## പ്രളയത്തെ അതിജീവിച്ച് പ്രിയയും കുടുംബവും

തലചായ്ക്കാൻ ആകെ ഉണ്ടായിരുന്ന ചെറിയ ഷെഡിനെ പ്രളയം കവർന്നെടുക്കുന്നത് കണ്ട് വർക്ക് ഷോപ്പ് ജീവനക്കാരനായ ഭർത്താവിനും തന്റെ പിഞ്ചു കുട്ടികൾക്കും ഒപ്പം പ്രാണരക്ഷാർഥം ഓടുകയല്ലാതെ മറ്റു മാർഗമൊന്നും പ്രിയയ്ക്ക് മുന്നിൽ ഉണ്ടായിരുന്നില്ല. ഉടുത്തിരുന്ന വസ്ത്രവുമായി പ്രളയത്തിൽ നിന്നു രക്ഷപ്പെട്ട കുടുംബത്തിന് തങ്ങളുടെ ചെറിയ ജീവിതത്തിൽ സ്വരുക്കൂട്ടിയതൊന്നും തന്നെ തിരികെ ലഭിച്ചില്ല. മഹാപ്രളയം തങ്ങളുടെ ജീവിതത്തെ ബാധിച്ച സമയത്തേക്കുറിച്ച് ഓർക്കുമ്പോൾ പ്രിയയുടെ ശബ്ദമിടറി. പ്രളയം ഏറ്റവും ആദ്യം ബാധിച്ച പ്രദേശങ്ങളിലൊന്നായിരുന്നു പത്തനംതിട്ട ജില്ലയിലെ കുറ്റൂർ വില്ലേജ്. മണിമലയാറിന്റെ കരയിലുള്ള വീട്ടിലേക്ക് വെള്ളം കടന്നു വന്നത് വേഗമായിരുന്നു. തുടർന്ന് ഭർത്താവ് ജയലാലും മക്കളായ അജയ്, അഭയ് എന്നിവരുമായി ക്യാമ്പിലെത്തിയ പ്രിയ അഞ്ചു ദിവസത്തോളം അവിടെ കഴിഞ്ഞു. പ്രളയത്തിനുശേഷം മടങ്ങിയ ഇവർക്ക് തങ്ങളുടെ താമസസ്ഥലമായ ഷെഡ് കാണാൻ സാധിച്ചില്ല. തല ചായക്കാനായുണ്ടായിരുന്ന ഷെഡും, വസ്ത്രങ്ങളും ഉപകരണങ്ങളും, മകന്റെ പാഠപുസ്തകങ്ങളും പ്രളയത്തിൽ നശിച്ചു പോയിരുന്നു. സർവതും പ്രളയമെടുത്ത് ജീവിതത്തിനു മുന്നിൽ പകച്ചു നിൽക്കുമ്പോഴാണ് സംസ്ഥാന സർക്കാർ ഇവർക്ക് കൈത്താങ്ങായെത്തിയത്.

സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 95 100 രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും രണ്ടു ഗഡുക്കളായി 1,52,450 രൂപയും ലഭിച്ചു. സംസ്ഥാന സർക്കാർ നൽകിയ നാലു ലക്ഷം രൂപയും മിച്ചം പിടിച്ച് സ്വരുകൂട്ടിയതും ബന്ധുക്കളുടെയും സുമനസുകളുടെയും സഹായം ഉപയോഗിച്ച് നാലുമാസം കൊണ്ടാണ് പുതിയ വീടിന്റെ നിർമാണം പൂർത്തീകരിച്ച് ഏപ്രിലിൽ താമസം ആരംഭിച്ചത്. രണ്ട് കിടപ്പു മുറി, ഒരു ഹാൾ, അടുക്കള, ശുചിമുറി, സിറ്റൗട്ട് എന്നിവ അടങ്ങിയ വീടിന് 560 ചതുരശ്ര അടി വിസ്തീർണമുണ്ട്. കുറ്റൂർ വില്ലേജിലെ നാലാം വാർഡിൽ ഐക്കരപ്പറമ്പിൽ എന്ന പേരുള്ള തന്റെ പുതിയ കെട്ടുറപ്പുള്ള വീട്ടിലിരുന്ന് കഴിഞ്ഞ പ്രളയകാലത്തെ ഓർക്കുന്നതോടൊപ്പം കർക്കടക മഴയും ആസ്വദിക്കുകയാണ് പ്രിയയും കുടുംബവും.

(പ്രത്യേക പത്രക്കുറിപ്പ് 6/19)

## ഫോട്ടോ അടിക്കുറിപ്പ്

1) ഭർത്താവ് ജയലാലിനും മകനുമൊപ്പം റീബിൽഡ് കേരള പദ്ധതിയിൽ നിർമിച്ച പുതിയ വീടിനു മുന്നിൽ പ്രിയ.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജൂലൈ 18<br>July 18 | 2019 |
|---|---|

*1193 കർക്കടകം 2 വ്യാഴം*

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**സാക്ഷരതാമിഷൻ: മത്സരങ്ങൾ ഇന്ന് (19)**

ജില്ലാ സാക്ഷരതാ മിഷൻ തുല്യതാപഠിതാക്കൾക്കായി നടത്തുന്ന കഥാരചന, കവിതാ രചന, ആസ്വാദനക്കുറിപ്പ് മത്സരങ്ങൾ ഇന്ന് (19) രാവിലെ 10ന് ജില്ലാ പഞ്ചായത്ത് ഹാളിൽ നടക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി ഉദ്ഘാടനം ചെയ്യും. ജില്ലയിൽ ആരംഭിക്കുന്ന ട്രാൻസ്ജെൻഡർ ലൈബ്രറിയുടെ പുസ്തകശേഖരണത്തിന് ചടങ്ങിൽ തുടക്കം കുറിക്കുമെന്ന് സാക്ഷരതാ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ ഡോ.വി.വി.മാത്യു അറിയിച്ചു. (പിഎൻപി 1806/19)

**ഫോൺ നമ്പർ**

ജില്ലാ ദാരിദ്ര്യലഘൂകരണ യൂണിറ്റിന് പുതിയ ഫോൺ കണക്ഷൻ ലഭിച്ചു. ഫോൺ നമ്പർ: 0468 2962676. പഴയ ഫോൺ നമ്പർ പ്രവർത്തനക്ഷമമല്ലെന്ന് പ്രോജക്ട് ഡയറക്ടർ അറിയിച്ചു. (പിഎൻപി 1807/19)

**സിഎഫ്ആർഡിയിൽ എൻജിനീയർ ഒഴിവ്**

കോന്നി സിഎഫ്ആർഡിയിൽ 40000 രൂപ പ്രതിമാസ വേതനനിരക്കിൽ സിവിൽ എൻജിനീയറെ നിയമിക്കുന്നു. സർക്കാർ സർവീസിലോ പൊതുമേഖലാ സ്ഥാപനത്തിലോ എക്സിക്യൂട്ടീവ് എൻജിനീയർ റാങ്കിൽ കുറയാത്ത തസ്തികയിൽ വിരമിച്ചവർക്ക് അപേക്ഷി

ക്കാം. പ്രായപരിധി 63 വയസ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 20. അപേക്ഷാഫോറവും കൂടുതൽ വിവരവും www.supplycokerala.com എന്ന വെബ്സൈറ്റിൽ ലഭിക്കും. (പിഎൻപി 1808/19)

## തുല്യതാ പഠനം രജിസ്ട്രേഷൻ തുടങ്ങി

സാക്ഷരതാ മിഷൻ പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടത്തുന്ന പത്താം ക്ലാസ് തുല്യത 14-ാം ബാച്ചിലേക്കും ഹയർ സെക്കൻഡറി തുല്യത അഞ്ചാം ബാച്ചിലേക്കുമുള്ള രജിസ്ട്രേഷൻ തുടങ്ങി. 2019 ജൂലൈ ഒന്നിന് 17 വയസ് പൂർത്തിയാവുകയും ഏഴാം ക്ലാസ് വിജയിക്കുകയും ചെയ്തവർക്ക് പത്താം ക്ലാസ് തുല്യതയ്ക്കും 22 വയസ് പൂർത്തിയാവുകയും പത്താം ക്ലാസ് വിജയിക്കുകയും ചെയ്തവർക്ക് ഹയർ സെക്കൻഡറി തുല്യതയ്ക്കും അപേക്ഷിക്കാം. പത്താം ക്ലാസ് തുല്യതയ്ക്ക് കോഴ്സ് ഫീസ് 1750 രൂപയും രജിസ്ട്രേഷന് 100 രൂപയും ഉൾപ്പെടെ 1850 രൂപയുടെയും ഹയർ സെക്കൻഡറിക്ക് കോഴ്സ് ഫീസ് 2200 രൂപയും രജിസ്ട്രേഷന് 300 രൂപയും ഉൾപ്പെടെ 2500 രൂപയുടെയും ചെലാൻ എസ്ബിഐ മുഖേന അടയ്ക്കണം. പട്ടികജാതി/വർഗ പഠിതാക്കൾക്ക് കോഴ്സ് ഫീസില്ല. 40 ശതമാനത്തിൽ കൂടുതൽ അംഗവൈകല്യമുള്ളവർക്കും മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഫീസിളവുണ്ട്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പത്താം ക്ലാസ് തുല്യതാ പഠിതാക്കൾക്ക് ജില്ലാ പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി ഫീസിളവ് ലഭിക്കും. ആഗസ്റ്റ് 15 വരെ പിഴയില്ലാതെയും 50 രൂപ പിഴയോടെ ആഗസ്റ്റ് 30 വരെയും രജിസ്റ്റർ ചെയ്യാം. രജിസ്ട്രേഷനും കൂടുതൽ വിവരത്തിനും കളക്ടറേറ്റിൽ പ്രവർത്തിക്കുന്ന ജില്ലാ സാക്ഷരതാ മിഷൻ ഓഫീസിലോ തദ്ദേശഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന വികസന/വിദ്യാകേന്ദ്രം പ്രേരക്മാരുമായോ ബന്ധപ്പെടണം. ഫോൺ: 0468 220799, 9447050515.

രജിസ്ട്രേഷന്റെ ജില്ലാതല ഉദ്ഘാടനം ഇന്ന് (19) രാവിലെ 10.30ന് ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടക്കുന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാ ദേവി നിർവഹിക്കും. (പിഎൻപി 1809/19)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജൂലൈ 18<br>July 18 | 2019 |
| --- | --- |

*1193 കർക്കടകം 2 വ്യാഴം*

# പത്രക്കുറിപ്പ് -3



www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657


**റെഡ് അലർട്ട്: കൺട്രോൾ റൂമുകൾ സജ്ജം;**
**മണ്ണെടുപ്പിനും ക്വാറിക്കും ഇന്ന് (19) നിരോധനം**

കനത്ത മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് ജില്ലയിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചിട്ടുള്ളതിനാൽ ഇന്ന്(19) മണ്ണെടുപ്പിനും ക്വാറികൾക്കും നിരോധനം ഏർപ്പെടുത്താൻ ജില്ലാ കളക്ടർ പി.ബി. നൂഹിന്റെ അധ്യക്ഷതയിൽ ചേർന്ന ജില്ലാ ദുരന്തനിവാരണ അതോറിറ്റി യോഗം തീരുമാനിച്ചു.

അണക്കെട്ടുകളിലും നദികളിലും ജലനിരപ്പ് കുറവായതിനാൽ വെള്ളപ്പൊക്കത്തിന് സാധ്യതയില്ലെന്ന് യോഗം വിലയിരുത്തി. കളക്ടറേറ്റിലെ ദുരന്തനിവാരണവിഭാഗവും താലൂക്കുകളിലെ കൺട്രോൾ റൂമുകളും 24 മണിക്കൂറും പതിവു പോലെ പ്രവർത്തിക്കും. ഫോൺ: കളക്ടറേറ്റ്-0468 2322515/ 0468 2222515/ 8078808915, താലൂക്കാഫീസ് തിരുവല്ല-0469 2601303, കോഴഞ്ചേരി-04682222221, മല്ലപ്പള്ളി-0469 2682293, അടൂർ-04734 224826, റാന്നി-04735 227442, കോന്നി-0468 2240087. ഇതിനു പുറമേ എല്ലാ പഞ്ചായത്തുകളിലും കൺട്രോൾ റൂം തുറക്കണമെന്ന് യോഗം നിർദേശിച്ചു. പത്തനംതിട്ട ജനറൽ ആശുപത്രിയിൽ ആരോഗ്യവകുപ്പ് കൺട്രോൾ റൂം തുറക്കും. ഫയർ ഫോഴ്സും കൺട്രോൾ റൂം തുറക്കും. ഫയർഫോഴ്സ് കൺട്രോൾ റൂം നമ്പർ: 0468 -2222001. വൈദ്യുതി സംബന്ധമായ അപകടങ്ങൾ ഒഴിവാക്കുന്നതിന് കെഎസ്ഇബി ശ്രദ്ധപുലർത്തണമെന്ന് കളക്ടർ നിർദേശിച്ചു. റെഡ് അലർട്ടിന്റെ പശ്ചാത്തലത്തിൽ ജില്ലയിലെ

ഉദ്യോഗസ്ഥരുടെ അനിവാര്യമല്ലാത്ത അവധി പിൻവലിച്ച് മടങ്ങിയെത്തി സേവന സജ്ജരാകാൻ യോഗം നിർദേശിച്ചു.

അടിയന്തിര സാഹചര്യത്തിൽ രക്ഷാപ്രവർത്തനം നടത്തുന്നതിന് മത്സ്യബന്ധന ബോട്ടുകളുടെ പട്ടികയും ബന്ധപ്പെട്ട വിവരങ്ങളും തയാറാക്കും. ബോട്ടുകൾ കൊണ്ടുവരുന്നതിനുള്ള വാഹനങ്ങളും ക്രമീകരിക്കും. റവന്യു വകുപ്പും, ഫയർ ഫോഴ്സും ഇതിനുള്ള പട്ടിക പ്രത്യേകം തയാറാക്കും. ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ കൈവശമുള്ള 1200 വീതം ലൈഫ് ബോയ്, ലൈഫ് ജാക്കറ്റ്, 120 അസ്കാലൈറ്റ് എന്നിവ ഫയർഫോഴ്സ്, പോലീസ് സേനകൾ എന്നിവിടങ്ങളിലേക്ക് നൽകുന്നതിനു തീരുമാനിച്ചു.

റെഡ് അലർട്ട് പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ ജില്ലയിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലേക്കും ജാഗ്രതാ നിർദേശം നൽകും. മണ്ണിടിച്ചിൽ ഉണ്ടാകാൻ സാധ്യയുള്ള സ്ഥലങ്ങളിൽ ജനങ്ങൾ വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് ഒഴിവാക്കുന്നതിന് പോലീസ് ശ്രദ്ധിക്കണം.

ശബരിമല തീർഥാടകർ ഉൾപ്പെടെ നദിയിൽ ഇറങ്ങാതിരിക്കാൻ ശ്രദ്ധിക്കണം. ആവശ്യമായ ജീവൻരക്ഷാ മരുന്നുകൾ, ആംബുലൻസുകൾ, മെഡിക്കൽ ടീമുകൾ എന്നിവ സജ്ജമാണെന്ന് ആരോഗ്യവകുപ്പ് അറിയിച്ചു. കർക്കിടകവാവ് ബലിയോട് അനുബന്ധിച്ച് അപകട സാധ്യതയുള്ള കടവുകളിൽ സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും നിർദേശം നൽകി.

യോഗത്തിൽ ദുരന്തനിവാരണം ഡെപ്യുട്ടി കളക്ടർ ആർ. ബീനാ റാണി, ജില്ലാ ഫയർ ഓഫീസർ എം.ജി. രാജേഷ്, ഡിവൈഎസ്പി എ.സന്തോഷ് കുമാർ, ഡെപ്യുട്ടി ഡിഎംഒ ഡോ. സന്തോഷ് കുമാർ, കൃഷി ഡെപ്യുട്ടി ഡയറക്ടർ ലില്ലി എഡ്വിൻ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 1810/19)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**